Email. keralarcs.coop@keralagov.in
website:-www.cooperation kerala.gov.in
Tel.No. 0471-2330726

നമ്പർ. സി.പി(2) 1250/18

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 11.01.2018

## സർക്കുലർ നമ്പർ 02/2018

വിഷയം : സഹകരണ ബാങ്കുകളിൽ കോർപ്പറേറ്റ് ഇന്റർനെറ്റ് ബാങ്കിംഗ് അക്കൗണ്ടുകളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് ഒറ്റത്തവണ പാസ് വേർഡ് (One Time Password) ആരംഭിക്കുന്നത്- സംബന്ധിച്ച്

സൂചന : കേരള പോലീസ് സൈബർ ഡോം നോഡൽ ആഫീസറുടെ ( ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, തിരുവനന്തപുരം റേഞ്ച്) 10.01.2018 ലെ 12/ CYBDM/2018 നമ്പർ കത്ത്.

................

കാസർഗോഡ് ജില്ലയിലെ രണ്ട് സഹകരണ ബാങ്കുകളുടെ അക്കൗണ്ടുകളിൽ നിന്നും ഒരാഴ്ചയ്ക്കുള്ളിൽ രണ്ട് തവണകളായി ബിറ്റ് കോയിനിലേയ്ക്ക് തുക മാറ്റപ്പെടുകയും, തുക ഈ ബാങ്കുകൾക്ക് നഷ്ടപ്പെടുകയും ചെയ്തതായി കേരള പോലീസിന്റെ സൈബർ ഡോമിൽ പരാതി ലഭിച്ചിട്ടുള്ളതായി സൂചന കത്ത് പ്രകാരം ഈ ഓഫീസിന് അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള സൈബർ തട്ടിപ്പുകളും ക്രമക്കേടുകളും ഒഴിവാക്കുന്നതിനാവശ്യമായ മുൻ കരുതലുകൾ സഹകര സംഘങ്ങൾ/ ബാങ്കുകൾ കൈക്കൊള്ളുന്നതിനാവശ്യമായ നിർദ്ദേശം സഹകരണ സംഘങ്ങൾക്ക്/ ബാങ്കുകൾക്ക് നൽകണമെന്ന് സൂചന കത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്. മേൽ സാഹചര്യം പരിഗണിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. സഹകരണ സംഘങ്ങൾ/ ബാങ്കുകൾ നടത്തുന്ന എല്ലാ ഓൺലൈൻ ഇടപാടുകളിലും സൈബർ സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ കരുതൽ നടപടികൾ അടിയന്തിരമായി സഹകരണ സംഘങ്ങൾ/ ബാങ്കുകൾ കൈക്കൊള്ളേണ്ടതാണ്.

2. എല്ലാ ഇന്റർനെറ്റ് കോർപ്പറേറ്റ് അക്കൗണ്ടുകളിലും ഒറ്റത്തവണ പാസ് വേർഡ് (**One Time Password)** ലഭ്യമാക്കി ഇടപാടുകൾ നടത്തുന്ന വിധത്തിൽ ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്.
3. മേൽ പരാമർശിച്ച സുരക്ഷാനടപടികൾ ഉറപ്പ് വരുത്തുന്നതിന് സോഫ്റ്റ് വെയർ ദാതാവിന്റെ സേവനം ആവശ്യമാണെങ്കിൽ ആയത് അഭ്യർത്ഥിച്ച് സുരക്ഷാ നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.
4. ഈ നിർദ്ദേശം നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തുന്നത് മുഖേന സഹകരണ സംഘങ്ങൾക്ക്/ ബാങ്കുകൾക്ക് സാമ്പത്തിക നഷ്ടം ഉണ്ടാകുകയാണെങ്കിൽ ആയതിന് ബന്ധപ്പെട്ട ഭരണ സമിതിയും ചീഫ് എക്സിക്യൂട്ടിവും ഉത്തരവാദി ആയിരിക്കും.
5. ഈ നിർദ്ദേശങ്ങൾ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ നടപ്പിലാക്കുന്നുണ്ടോ എന്ന വിവരം അതാത് ജില്ല ജോയിന്റ് രജിസ്ട്രാർമാർ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

ഒപ്പ്
സി.എം. അജേയ്യ മോഹൻ
സഹകരണ സംഘം രജിസ്ട്രാർ ഇൻ ചാർജ്

1. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
2. എല്ലാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
3. ജനറൽ മാനേജർ( എല്ലാ ജില്ല സഹകരണ ബാങ്കുകൾ)
4. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്/ സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
5. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ), ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും.
6. വെബ്സൈറ്റ്
7. എഡിറ്റർ, സഹകരണ വീഥി/ സഹകരണ ജേർണൽ
8. സ്റ്റോക്ക് ഫയൽ/ സ്പെയർ

//ആജ്ഞാനുസരണം //

ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)